**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.974 05.03.2018-ൽ മറുപടി നൽകേണ്ടത്

## നിലമ്പൂർ മണ്ഡലത്തിലെ സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റ്

| ശ്രീ.പി.വി. അൻവർ | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ മന്ത്രി ) |
| --- | --- |
| (എ ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി )- ക്ക് അപേക്ഷ നൽകിയത്; ആയത് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;കാലതാമസത്തിന് കാരണം എന്തെന്ന് വിശദമാക്കാമോ; | (എ ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട സ്കൂളുകളിൽ നിന്നും പുതുതായി സ്.പി.സി യൂണിറ്റ് അനുവദിക്കണമെന്ന അപേക്ഷ ലഭിച്ചതായി കാണുന്നില്ല |
| (ബി ) നിലമ്പൂർ എ.ഇ.ഒ ഓഫീസിൽ എയ്ഡഡ് സ്കൂളിന്റെ നിയമനങ്ങളുടെ അപ്രൂവൽ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഈ ഓഫീസിലെ ഫയലുകളിൽ പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) ആവശ്യമായ രേഖകൾ മാനേജർമാർ സമർപ്പിക്കാത്തതിനാൽ നിയമനാധികാരം സംബന്ധിച്ച ഫയലുകളിൽ തീരുമാനം കൈക്കൊള്ളുവാൻ കാലതാമസം നേരിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ടി പരാതികൾ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിലമ്പൂർ എ.ഇ.ഒ ഓഫീസ് വിഭജിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ നിജസ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ? | (സി) | നിലമ്പൂർ വിദ്യാഭ്യാസ ഉപജില്ല വിഭജിക്കണമെന്നാവശ്യപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശുപാർശ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വിദ്യാഭ്യാസ ഉപജില്ലാ ഓഫീസുകൾ പരിഗണിക്കണമെന്ന ആവശ്യം തല്ക്കാലം പരിഗണിക്കാൻ നിർവാഹമില്ലെന്ന വിവരം 03 .07 .2017 ലെ 25823 /എൻ 1 / 2014 /പൊ .വി.വ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ച് ഫയൽ തീർപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ